(ഡി) നികുതിവെട്ടിപ്പ് കണ്ടുപിടിക്കുന്നതിനായി ചരക്കുവണ്ടികൾ, വാണിജ്യസ്ഥാപനങ്ങൾ, പാഴ്സൽ ആഫീസ് തുടങ്ങി വിവിധ സ്ഥാപനങ്ങളിലെ പരിശോധന ശക്തിപ്പെടുത്തിയിട്ടുണ്ട്.

9 (*65) ശബരിമല തീർത്ഥാടകർക്ക് ഒരുക്കേണ്ട സൗകര്യങ്ങൾ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. കെ. അച്യുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടന കാലത്ത് തീർത്ഥാടകരുടെ സൗകര്യാർത്ഥം ഒരുക്കേണ്ട സൗകര്യങ്ങളെ സംബന്ധിച്ച് രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച വിശദാംശം നൽകുമോ;

(സി) ഈ രൂപരേഖ നടപ്പാക്കുന്നതിന് ഏതെല്ലാം വകുപ്പിന്റെ സഹായം ആവശ്യമാണ്;

(ഡി) ഈ രൂപരേഖ അനുസരിച്ച് എന്തെല്ലാം കാര്യങ്ങൾ നടപ്പാക്കിയെന്ന് വെളിപ്പെടുത്തുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നിലലോഹിതദാസൻ നാടാർ) :

(എ)&(ബി) ശബരിമല തീർത്ഥാടനകാലത്ത് തീർത്ഥാടകർക്കുവേണ്ടി ഒരുക്കേണ്ട സൗകര്യങ്ങളെ സംബന്ധിച്ച് ഒരു രൂപരേഖ തയ്യാറാക്കുകയും ദേവസ്വംബോർഡ് അധികാരികൾ, സർക്കാരിന്റെ വിവിധ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ജില്ലാ കളക്ടർമാർ എന്നിവരെ പങ്കെടുപ്പിച്ച് മുഖ്യമന്ത്രിതലത്തിലും ദേവസ്വംവകുപ്പുമന്ത്രി തലത്തിലും ആരോഗ്യവകുപ്പുമന്ത്രി തലത്തിലും, ശബരിമല ഉത്സവങ്ങളുടെ പ്രവർത്തനങ്ങളുടെ കോ-ഓർഡിനേഷനുവേണ്ടി സർക്കാർ നിയമിച്ച ചീഫ് കോ-ഓർഡിനേറ്റർ തലത്തിലും പ്രത്യേകം പ്രത്യേകം യോഗങ്ങൾ കൂടി ഓരോ വകുപ്പും ചെയ്യേണ്ടതായ പ്രവർത്തനങ്ങൾ എന്തെന്ന് നിശ്ചയിച്ച് ആവശ്യമായ ഉത്തരവുകളും നിർദ്ദേശങ്ങളും നൽകുകയും ചെയ്തു.

(സി) ദേവസ്വംബോർഡിനു പുറമെ, പോലീസ്, വനംവകുപ്പ്, പൊതുമരാമത്തുവകുപ്പ്, ആരോഗ്യവകുപ്പ്, ഫയർഫോഴ്സ്, ഇറിഗേഷൻ വകുപ്പ്, എക്സൈസ് വകുപ്പ്, റവന്യൂ വകുപ്പ് തുടങ്ങിയ സർക്കാർ വകുപ്പുകളും, കെ. എസ്.ആർ.ടി.സി. വൈദ്യുതിബോർഡ്, വാട്ടർ അതോറിറ്റി, പൊല്യൂഷൻ കൺട്രോൾ ബോർഡ്, സിവിൽസപ്ലൈസ് കോർപ്പറേഷൻ ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളും ടെലികമ്യൂണിക്കേഷൻസ്, ദൂരദർശൻ, ആകാശവാണി, തപാൽ വകുപ്പ് തുടങ്ങിയ കേന്ദ്ര സർക്കാർ സ്ഥാപനങ്ങളും അയ്യപ്പാസേവാസംഘം, ശബരിമല സാനിറ്റേഷൻ സൊസൈറ്റി എന്നീ സന്നദ്ധസംഘടനകളുടേയും കൂട്ടായ പ്രവർത്തനം ആവശ്യമാണ്.

(ഡി) വിവിധ വകുപ്പുകൾ, തീർത്ഥാടകർക്ക് ആവശ്യമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തുന്നതിന് ആവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly